(ബി) പ്രസ്തുത ഉത്തരവ് പല ഡിപ്പാർട്ടുമെന്റുകളും പാലിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷവും കന്നട ഭാഷ സംസാരിക്കുന്നവരാണെന്നത് പരിഗണിച്ച് മേൽ വകുപ്പിലെ ജില്ലാ ഓഫീസറായി പ്രസ്തുത ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്ക് മാത്രമേ ഭാഷാ ന്യൂനപക്ഷ പ്രദേശമായി സർക്കാർ കണക്കാക്കിയിട്ടുള്ളൂ. ഇതു പരിഗണിച്ച് ഒരു കന്നട ഭാഷാ പരിജ്ഞാനമുള്ള ജൂനിയർ ഉദ്യോഗസ്ഥനെ ഉദ്യോഗക്കയറ്റം നൽകി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

2003-04, 2004-05 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതികൾ

17 [815] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണ്;

(ബി) 2003-2004-ലെ വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര യായിരുന്നു;

(സി) പ്രസ്തുത വാർഷിക പദ്ധതിയുടെ തുക പൂർണ്ണമായും വിനിയോഗി ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വാർഷിക പദ്ധതി തുകയുടെ എത്ര ശതമാനം 2004 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഇതിൽ വികസനത്തിനായി ചെലവഴിച്ച തുക മേഖലാടിസ്ഥാനത്തിൽ വിശദമാക്കുമോ; ഓരോ മേഖലയിലും എത്ര ശതമാനം വീതം തുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) 2004-2005-ലെ വാർഷിക പദ്ധതിയിൽ ഓരോ മേഖലയ്ക്കും നീക്കി വച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-2005-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ 4,600 കോടി രൂപയാണ്. പൊതുതെരഞ്ഞെടുപ്പ് കാരണം പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) 2003-2004-ലെ വാർഷിക പദ്ധതിക്കായി 4,430.25 കോടി രൂപയുടെ അടങ്കലാണ് നിശ്ചയിച്ചിരുന്നതെങ്കിലും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം 3,796.23 കോടി രൂപയായി പുനർനിർണ്ണയം ചെയ്യുകയുണ്ടായി.

(സി) പുതുക്കി നിശ്ചയിച്ച അടങ്കലിൽ, 31-3-2004 വരെ, താൽക്കാലിക കണക്കനുസരിച്ച് 3,557.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2004 മാർച്ച് 31 വരെ ചെലവഴിച്ച തുക പുതുക്കി നിശ്ചയിച്ച അടങ്കലിന്റെ 94 ശതമാനം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ ആന്റ് എഫ്) 2003-2004 വാർഷിക പദ്ധതിയിൽ ഓരോ മേഖലയുടെ വികസനത്തിനായി നീക്കിവച്ച വിഹിതവും, ചെലവും അതിന്റെ ശതമാനവും, 2004-2005 വാർഷിക പദ്ധതിക്ക് മേഖലാടിസ്ഥാനത്തിൽ നീക്കി വച്ചിട്ടുള്ള വിഹിതവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റ് പ്രായം

18 [816] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ:
,, എ. കെ. മണി:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന വിവിധ വിഭാഗം ഉദ്യോഗസ്ഥൻമാരുടെ റിട്ടയർമെന്റ് പ്രായം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വിഭാഗത്തിൽപ്പെടുന്ന സർക്കാരുദ്യോഗസ്ഥന്മാരുടെ പെൻഷൻ പ്രായം ഏകീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ പരിപാടിയുണ്ടോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly